


0-WEB.ru

Sherlock Holmes Stories Malayalam Free 14



വൈഡറിൽ ഇടിച്ച് പൊട്ടിത്തെറിക്കുന്ന ഗ്യാസ് ടാങ്കറായാലും ലെവൽ ക്രോസ്സിൽ ആപത്തിൽപെടുന്ന വാഹനങ്ങളായാലും വെറുതെ റോഡിൽ നിത്യേന സംഭവിക്കുന്ന ദുരന്തങ്ങളായാലും ഷോക്കടിച്ചുള്ള മരണമായാലും ഈ വക എല്ലാം പരിഷ്കൃതനാടുകളിൽ ഉള്ളതിന്റെ എത്രയോ ഇരട്ടിയാണ് ഇവിടെ. അറിവില്ലായ്മ മാത്രമല്ല, പ്രധാനമായും ഇതിനുകാരണം. കറ തീർന്ന കഥയില്ലായ്മയാണ്. രാസവളങ്ങളും കീടനാശിനികളും വയലും വയറും ഒരുപോലെ രോഗബാധിതമാക്കാനിടയായതും ഈ കഥയില്ലായ്മയാൽത്തന്നെ.

സാധാരണക്കാരായ ആളുകൾക്കു മാത്രമല്ല വ്യവസായങ്ങളും ഗവേഷണാലയങ്ങൾപോലും ഭരിക്കുന്നവർക്കും ഭരണാധികാരികൾക്കും വ്യാപകമായി ഈ കഥയില്ലായ്മ ഉണ്ടെന്നതാണ് നേര്. അതിനാലാണല്ലോ മാലിന്യങ്ങൾ വേണ്ടപോലെ കൈകാര്യം ചെയ്യാതെ ചുളുവിൽ ആരാന്റെ മുറ്റത്തു വലിച്ചെറിയുന്നതും കൈക്കൂലി വാങ്ങി വിഷക്കച്ചവടങ്ങൾക്ക് കൂട്ടാകാൻ അധികാരികൾ തയാറാകുന്നതും. നമ്മുടെ ആണവ സ്ഥാപനങ്ങളിലും ഇതുതന്നെയാണ് പൊതുവായി അവസ്ഥ. ഒരിടത്ത് ചില തൊഴിലാളികൾ റേഡിയോ ആക്റ്റീവ് പദാർത്ഥം റേഡിയേഷൻ ബാഡ്ജോ, ഷീൽഡായുതകുന്ന ഉടുപ്പോ, കൈയുറപോലുമോ ഇല്ലാതെ വാരിയെടുക്കുന്നത് ഞാൻ കണ്ടു. എത്ര പറഞ്ഞാലും അവർ കേൾക്കുന്നില്ല എന്നായിരുന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ന്യായം!

കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരുന്നാലും കാലിന്നടിയിലെ മണ്ണ് ചോർന്നുപോകുമെന്നു പറഞ്ഞപോലെയാണ് വിച്ഛേദനനിലയങ്ങളിൽനിന്നുള്ള പ്രസരമാലിന്യത്തിന്റെ വ്യാപനം. അണുവിച്ഛേദനം എന്ന പ്രതിഭാസം ഊർജമെന്ന അമൃതിലേറെ അണുപ്രസരം എന്ന കാളകൂടം പുറപ്പെടുവിക്കും എന്നതാണ് ശാസ്ത്രീയ സത്യം. പ്രവർത്തിക്കുമ്പോൾ മെൽട്ട് ഡൗൺ (ബോംബായി മാറൽ) മുതൽ പ്രസരച്ചോർച്ച വരെയുള്ള അപകടം. കത്തിക്കഴിഞ്ഞ ഇന്ധനം അപായകരം. ഒരു റിയാക്റ്റർ എന്നേക്കുമായി അടച്ചുപൂട്ടിയാൽപ്പോലും ആയിരത്താണ്ടുകളോളം അവിടം ജനിതകദുരിതം പരത്തുന്ന മാരകവിഷഭൂമിയായി കിടക്കുകയും ചെയ്യും.

എല്ലാം ശരിയായി നോക്കിക്കൊള്ളാം എന്നു പറയുന്നവർ ഇന്നേവരെ വാക്കു പാലിച്ചില്ല എന്ന കഥയും ശേഷിക്കുന്നു. നമുക്കിപ്പോ

> കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരുന്നാലും കാലിന്നടിയിലെ മണ്ണ് ചോർന്നുപോകുമെന്നു പറഞ്ഞപോലെയാണ് വിച്ഛേദനനിലയങ്ങളിൽ നിന്നുള്ള പ്രസരമാലിന്യത്തിന്റെ വ്യാപനം. അണുവിച്ഛേദനം എന്ന പ്രതിഭാസം ഊർജമെന്ന അമൃതിലേറെ അണുപ്രസരം എന്ന കാളകൂടം പുറപ്പെടുവിക്കും എന്നതാണ് ശാസ്ത്രീയ സത്യം

ഴേയുള്ള എല്ലാ റിയാക്റ്ററുകളിലും ഒന്നോ അതിലേറെയോ അപകടങ്ങൾ സംഭവിക്കുകയും വെറും ദൈവാനുഗ്രഹം കൊണ്ട് മറ്റനേകം മാരണങ്ങൾ ഒഴിവാകുകയും ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാവാത്ത വിഴുപ്പു കാരണം, ഇത്തരം റിയാക്റ്ററുകൾ പരിഷ്കൃതനാടുകൾ ഉപേക്ഷിക്കുകയാണ്. പകരം ആണവസംയോജനമെന്ന, തീർത്തും വൃത്തിയുള്ള, പ്രക്രിയയിലൂടെ പവർ ഉല്പാദിപ്പിക്കാൻ ശ്രമിക്കുന്നു. അതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കാൻ കിണഞ്ഞു പിടിക്കുന്നു.

അവർക്കു പറ്റിയ ഗതികേട് ഒഴിവാക്കാൻ നമുക്കു ഭാഗ്യമുണ്ടായി എന്നു കരുതുകയും പുതിയ വിദ്യ തരപ്പെടുത്താൻ നോക്കുകയും അതുവരെ മറ്റു മാർഗങ്ങൾ തേടി മുണ്ടല്പം മുറുക്കി ഉടുത്ത് കഴിച്ചുകൂട്ടുകയും ചെയ്യുന്നതിനു പകരം നാം അവരുടെ പഴഞ്ചൻ എച്ചിൽ റിയാക്റ്ററുകൾ വലിയ വില കൊടുത്തു വാങ്ങുകയും പിന്നെ അവരുടെ ദയയ്ക്കു കാത്തുനിന്ന് അവർ പറയുന്ന വിലയും നിബന്ധനകളും സ്വീകരിച്ച് ഇന്ധനം കിട്ടാൻ പാടുപെടുകയും വേണോ?

പ്രത്യേകിച്ചും, ഡോ. ഭാഭ നമുക്കുവേണ്ടി ആവിഷ്കരിച്ച ഇന്ധനപദ്ധതി– കടം വാങ്ങിയ റിയാക്ടറും ഇന്ധനവുമായി ഒന്നാം ഘട്ടം. ഈ ഇന്ധനം എരിയുമ്പോളുണ്ടാകുന്ന ഉപോൽപ്പന്നമായ പ്ലൂട്ടോണിയം ഇന്ധനമായും ഇവിടെ ധാരാളമായുള്ള തോറിയം മോഡറേറ്ററായും ഉപയോഗിക്കുന്ന ബ്രീഡർ റിയാക്റ്ററുകളുടെ രണ്ടാം ഘട്ടം. ഇവ ഉല്പാദിപ്പിക്കുന്ന തോറിയേന്ധനം ഉപയോഗിച്ച് പ്രവർത്തിക്കയും അതോടൊപ്പം കൂടുതൽ തോറിയേന്ധനം ഉണ്ടാക്കുകയും ചെയ്യുന്ന അവസാനഘട്ടം– തകർന്നുപോയ സാഹചര്യംകൂടി ഓർക്കാനുണ്ട്. ലോകത്തെ തോറിയം സമ്പന്നനാടുകളിൽ മുൻപന്തിയിലാണ് ഇന്ത്യ. പക്ഷേ, ആദ്യഘട്ടത്തിൽനിന്നു കിട്ടിയ പ്ലൂട്ടോണിയമെടുത്ത് നാം ദീവാളിപ്പടക്കം പൊട്ടിച്ചുകളഞ്ഞു! ആന എന്തോ ചെയ്യുന്നതു കണ്ട് അതാവർത്തിക്കാൻ ശ്രമിച്ച മുയലിനു പറ്റിയതുതന്നെ നമുക്കും പറ്റി. കടിച്ചതും പോയി പിടിച്ചതും പോയി എന്നായി!

റിയാക്റ്റർ സുരക്ഷയുടെ നിയമാവലിപോലും ഉണ്ടാക്കാതെയാണ് നമ്മുടെ ഇടപാടുകൾ. അപായം വന്നാൽ ഉത്തരവാദിത്തവും നഷ്ടപരിഹാരത്തിന് ബാദ്ധ്യതയും ആർക്കെന്ന് നിശ്ചയിക്കാൻ വഴിയില്ല. കൂടംകുളം പ്രവർത്തനം ആരംഭിക്കും മുൻപ് ഇതെങ്കിലും ഉണ്ടായേ തീരൂ. അറിവില്ലാത്തവരും പട്ടിണിക്കാരുമാണെന്നാലും ഇവിടെ കഴിയുന്നവരും മനുഷ്യരല്ലേ. ●

മലയാളം ♦ 5 ഒക്ടോബർ 2012 ♦ 9

Sherlock Holmes Stories Malayalam Free 14




0-WEB.ru

## sherlock holmes stories malayalam pdf free download

sherlock holmes stories malayalam pdf free download, sherlock holmes stories malayalam pdf, sherlock holmes stories malayalam, sherlock holmes stories malayalam free download, sherlock holmes stories in malayalam language pdf free download, sherlock holmes stories in malayalam read online, sherlock holmes short stories in malayalam pdf, sherlock holmes stories in malayalam pdf download, sherlock holmes stories in malayalam books, download sherlock holmes stories in malayalam, sherlock holmes books malayalam, sherlock holmes books malayalam flipkart, sherlock holmes malayalam books online reading, sherlock holmes malayalam books online, sherlock holmes books in malayalam free download

## sherlock holmes stories malayalam

## sherlock holmes stories in malayalam language pdf free download

7fd0e77640